## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3796 23.08.2017 ൽ മറുപടിയ്ക്ക്**

## കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ എത്ര മെഗാവാട്ട് ഉത്പാദിപ്പിക്കുന്നുണ്ട്; | (എ) | സംസ്ഥാനത്ത് കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. നിലവിലെ കണക്കനുസരിച്ച് സംസ്ഥാനത്തെ കെ. എസ്. ഇ. ബി. എൽ മുഖാന്തിരം നടപ്പിലാക്കുന്ന കാറ്റാടിപ്പാടങ്ങളുടെ സ്ഥാപിതശേഷി 59.275 മെഗാവാട്ട് ആണ്. ഇതിൽ നിന്നും 2017 ആഗസ്റ്റ് 15-ാം തീയതി വരെയുള്ള കണക്കനുസരിച്ച് പ്രതിദിനം ശരാശരി 0.3376 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നു.<br>അനെർട്ട് മുഖാന്തിരം കാറ്റിൽ നിന്നും 43.275 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ മലയാള മനോരമയ്ക്ക് 10 മെഗാവാട്ട്, Inox Renewable-ന് 22 മെഗാവാട്ട്, ഇടുക്കി ജില്ലയിൽ കൊശമറ്റം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡിന് 1 മെഗാവാട്ട്, രാമക്കൽമേട് Power Private Ltd.ന് 2 മെഗാവാട്ട് എന്നിങ്ങനെ ആകെ 35 മെഗാവാട്ടിന് അനെർട്ട് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി) | അപ്രകാരം വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ള കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം; | (ബി) | ഉണ്ട്. കേരളത്തിലെ ഇടുക്കി ജില്ലയിലെ 11 സ്ഥലങ്ങളും, പാലക്കാട് ജില്ലയിലെ 5 സ്ഥലങ്ങളും തിരുവനന്തപുരം ജില്ലയിലെ 1 സ്ഥലത്തും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | തമിഴ്നാട് അത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതുപോലെ കേരളത്തിലും സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ